**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - പന്ത്രണ്ടാം പഞ്ചവൽസര പദ്ധതി (2012-17) - ആസൂത്രണ മാർഗ്ഗരേഖയും, സബ്സിഡി മാർഗ്ഗരേഖയും കൂട്ടുതൽ ഉൾപ്പെടുത്തലുകൾ/ഭേദഗതികൾ അംഗീകരിച്ച് പരിഷ്ക്കരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

സ.ഉ(സാധാ)നം.**268/2017**/തസ്വഭവ — തീയതി, തിരുവനന്തപുരം, **31.01.2017.**

---

പരാമർശം :-1) സ.ഉ(എം.എസ്)നം.04/2016/തസ്വഭവ തീയതി 11.01.2016.

2) സ.ഉ(സാധാ)നം.2464/2016/തസ്വഭവ തീയതി 17.08.2016.

3) 18.01.2017 ൽ നടന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ സമിതിയുടെ പൊതു വിഷയം തീരുമാനം നമ്പർ 2.4, 2.5, 2.9

## <u>ഉത്തരവ്</u>

പരാമർശം (3) ലെ സംസ്ഥാനതല കോ-ഓർഡിനേഷൻ സമിതിയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പരാമർശം (1),(2) സർക്കാർ ഉത്തരവുകളിൽ ചുവടെ ചേർത്തിട്ടുള്ള ഉൾപ്പെടുത്തലുകൾ/ഭേദഗതികൾ അംഗീകരിച്ച് പരിഷ്ക്കരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

- പരാമർശം (2)ലെ സർക്കാർ ഉത്തരവനുസരിച്ച് പട്ടികജാതി വിഭാഗത്തിൽപ്പെട്ട ബിരുദവിദ്യാർത്ഥികൾക്കും പോളിടെക്നിക് വിദ്യാർത്ഥികൾക്കും കൂടി ലാപ് ടോപ് നൽകാൻ അനുമതി നൽകിയിരുന്നു. ഇതിൽ പട്ടികവർഗ്ഗ വിഭാഗത്തിലെ വിദ്യാർത്ഥികളെ കൂടി ഉൾപ്പെടുത്താൻ തീരുമാനിച്ച് ഉത്തരവാകുന്നു.

- പരാമർശം (1)ലെ സർക്കാർ ഉത്തരവുപ്രകാരം പോത്തുകുട്ടികളെ നൽകുമ്പോൾ 18 മാസമെങ്കിലും പ്രായമുള്ളതായിരിക്കണം എന്ന നിബന്ധനയുണ്ട്. 6-8 മാസം വരെ പ്രായമായവയ്ക്കും നിലവിലെ സബ്സിഡി നൽകാൻ തീരുമാനിച്ച് ഉത്തരവാകുന്നു.

- പട്ടികജാതി വിഭാഗക്കാർക്ക് വീടുവയ്ക്കാൻ സ്ഥലം വാങ്ങുന്നതിന് ഗ്രാമപഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും കോർപ്പറേഷനിലും നൽകാവുന്ന ധനസഹായം യഥാക്രമം **1.5** ലക്ഷം **(3** സെന്റ്**) 2.00** ലക്ഷം **(2** സെന്റ്**) 3.00** ലക്ഷം **(1.5** സെന്റ്**)** രൂപ വീതമാണ്. എന്നാൽ പട്ടികജാതി വികസന വകുപ്പ് മുഖേന ഇത് യഥാക്രമം **3.75** ലക്ഷം **(5** സെന്റ്**) 4.50** ലക്ഷം **(3** സെന്റ്**) 6.00** ലക്ഷം **(3** സെന്റ്**)** വീതമാണ്. ഇത് പട്ടിക ജാതി വികസന വകുപ്പ് റേറ്റിൽ ഏകീകരിക്കാൻ തീരുമാനിച്ചു. എന്നാൽ സ്ഥലം കുറവാണ് വാങ്ങുന്നതെങ്കിൽ അതിന് ആനുപാതികമായി തുക കുറവു ചെയ്യുന്നതാണ്. നിശ്ചയിച്ചിരിക്കുന്നതിനേക്കാൾ കൂടുതൽ സ്ഥലം വാങ്ങാവുന്നതാണ്. എന്നാൽ ധനസഹായ പരിധി മുകളിൽ പറഞ്ഞ

പ്രകാരമായിരിക്കും. ആയത് പ്രകാരമുള്ള വിലയിൽ പരിമിതപ്പെടുത്തിയായിരിക്കും ധനസഹായം നൽകുന്നത്.

**ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം**
**എ.കെ.മോഹനകുമാർ**
**ഗവ.ജോയിന്റ് സെക്രട്ടറി.**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
എല്ലാ ബ്ളോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
(പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
എല്ലാ മുൻസിപ്പാലിറ്റി ചെയർപേഴ്സൻമാർക്കും/സെക്രട്ടറിമാർക്കും
(നഗരകാര്യ ഡയറക്ടർ മുഖേന)
സ്റ്റേറ്റ് പെർഫോമൻസ് ആഡിറ്റ് ഓഫീസർ, തിരുവനന്തപുരം .
എക്സിക്യൂട്ടീവ് ചെയർമാൻ ആന്റ് ഡയറക്ടർ, ഐ.കെ.എം. തിരുവനന്തപുരം
ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

**പകർപ്പ്:-** തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പിഎസ്.ന്
തദ്ദേശസ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പിഎസ് ന്

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ.**